(സി) ഇൻഡ്യൻ കാർഷിക ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലും അങ്കമാലി സുഗന്ധ വിള ഗവേഷണകേന്ദ്രത്തിലും സുഗന്ധ-ഔഷധ സസ്യശേഖരണം കണ്ടെത്തൽ, സംരക്ഷണം, തരംതിരിക്കൽ, ഉൽപന്നമാക്കൽ, തൈകളുടെയും വിത്തുകളുടേയും വിതരണം എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

(നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ)

112 (366) വനം വകുപ്പിൽ നിന്ന് പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ നിന്നും ഏതെല്ലാം കോർപ്പറേഷനുകൾക്ക് വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്;

(ബി) ഇതിൽ ഓരോ കോർപ്പറേഷനും എത്ര ഏക്കർ വനഭൂമി ആണ് പാട്ടത്തിന് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷനുകൾക്ക് ഏത് നിരക്കിലാണ് വനഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പാട്ടത്തിനു നൽകുമ്പോൾ എന്തെല്ലാം വ്യവസ്ഥകളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഇ) പ്രസ്തുത പാട്ടവ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്) പാട്ടം കൃത്യമായി അടയ്ക്കാതെ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; ഓരോ സ്ഥാപനവും അടയ്ക്കാനുള്ള കുടിശ്ശിക എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ജി) പാട്ട കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാൻ സർക്കാർ തലത്തിൽ കർശനമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)വനംവകുപ്പിൽ നിന്ന് വനഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കോർപ്പറേഷനുകളുടെയും പാട്ട ഭൂമിയുടെയും വിവരങ്ങൾ പട്ടിക-1-ൽ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ കാലയളവിൽ നിലവിൽ നിന്നിരുന്ന നിരക്ക് താഴെ കാണിക്കുന്ന പ്രകാരമാണ്.

1.	18.12.72 മുതൽ 17.12.75 വരെ	-	125 രൂപ
2.	18.12.75 മുതൽ 17.12.78 വരെ	-	250 രൂപ
3.	18.12.78 മുതൽ 17.12.81 വരെ	-	475 രൂപ
4.	18.12.81 മുതൽ 17.12.87 വരെ	-	615 രൂപ
5.	18.12.87 മുതൽ നാളിതുവരെ	-	1300 രൂപ

(ഡി) പാട്ടത്തിനു നൽകുമ്പോൾ നിശ്ചയിച്ചിരുന്ന വ്യവസ്ഥകൾ പ്രധാനമായും താഴെ പറയുന്നവയാണ്.

---

† അനുബന്ധം V-I

LIBRARY ARCHIVES Kerala Legislative Assembly

(1) സർക്കാർ അനുവാദമില്ലാതെ പാട്ടസ്ഥലം ഉപപാട്ടത്തിനു നൽകുവാനോ പണയപ്പെടുത്തുവാനോ പാടില്ല.

(2) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിരുന്ന നിരക്കിൽ പാട്ടത്തുക അടയ്ക്കേണ്ടതാണ്.

(3) പാട്ടക്കാലാവധി കഴിഞ്ഞാൽ പാട്ടം ദീർഘിപ്പിക്കുന്നില്ലെങ്കിൽ പാട്ടക്കാരൻ നിരുപാധികം പാട്ടഭൂമി ഒഴിഞ്ഞുപോകേണ്ടതാണ്.

(4) പാട്ടഭൂമിയിൽ നിലവിലുള്ളതും പാട്ടസമയത്ത് പുതുതായി മുളച്ചുവരാവുന്നതുമായ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിനായിരിക്കും.

(ഇ) പാട്ട കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളോട് പാട്ടത്തുക ഉടനെ അടയ്ക്കണമെന്നും അല്ലാത്തപക്ഷം റവന്യൂറിക്കവറി നടപടികൾ കൈക്കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട്. പാട്ടക്കരാർ വ്യവസ്ഥ പാലിക്കാത്തവരുടെ പാട്ടം റദ്ദാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(എഫ്)കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പേരും അടയ്ക്കാനുള്ള തുകയുടെയും വിശദവിവരങ്ങളുടെ പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.[† †]

(ജി) പാട്ട കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

113 (367) വനം വകുപ്പിന് ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതി

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ ഏതെല്ലാം പദ്ധതികൾക്കാണ് ലോകബാങ്കിന്റെ സഹായം ലഭിച്ചത്; എന്തു തുകയാണ് ലഭിച്ചത്;

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിദേശകൺസൾട്ടന്റുകളെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഓരോ പദ്ധതിക്കും ഏതെല്ലാം കൺസൾട്ടന്റിനെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) കൺസൾട്ടന്റിനെ നിയമിച്ചതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലോകബാങ്കിന്റെ സഹായത്തോടെ വനം വകുപ്പിൽ താഴെ പറയുന്ന രണ്ടു പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(1) കേരളാ ഫോറസ്ട്രി പ്രോജക്ട്

(2) ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പദ്ധതി

അനുബന്ധം V-2

LIBRARY ARCHIVES Kerala Legislative Assembly

- All other aspects specified in the TOR, under Short, Medium and Long term improvement plans.

Junction Designs

Junction design drawings with improvement plans and signal designs

Draft Final Report covering

- Modified Draft report on Short, Medium and Long Term measures based on the comments from the Client, and
- All the aspects specified in the TOR under feasibility for development of Integrated Mass Transport System.

Final Report

- Combined report covering all the earlier reports with modifications base on Client's comments.

7.3 Time shall be regarded as the essence of contract and for the delay in completion of work, penal provisions as per the conditions/condition 3 of contract will apply.

8. CONSULTANCY FEE FOR THE STUDY AND PAYMENT SCHEDULE

8.1 The Consultancy fee will be firm and shall not be eligible for escalation

8.2 The scheduled of payment will be as follows.

(i)	Mobilisation fee	-	20%
(ii)	On acceptance of Interim Report	-	20%
(iii)	On acceptance of Draft Report on Short, Medium and Long Term Measures	-	20%
(iv)	On acceptance of Draft Final Report	-	20%
(v)	On acceptance of Final Report	-	20%

9. FINAL REPORT

The consultants shall furnish to the client 10 copies of each report.

10. The Client has estimated the total month for key personnel as 25 man months. However the bidders are to make their own assessment based on the Terms of Reference.

അനുബന്ധം V - 1

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 112 (366) കാണുക]

പട്ടിക - 1

കോർപ്പറേഷനുകൾക്കും ബോർഡുകൾക്കും പാട്ടത്തിന് വനം വകുപ്പിൽ നിന്നും കൊടുത്തിട്ടുള്ള ഭൂമിയുടെ വിശദവിവരം

കോർപ്പറേഷൻ :

ക്രമ നം.	പാട്ടക്കാരന്റെ പേര്	വിസ്തീർണ്ണം (ഹെക്ടർ)
1.	പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള	11709.5040
2.	കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ	10625.7680
3.	നിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്	2265.2180

LIBRARY ARCHIVES Kerala Legislative Assembly

4.	സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ	2471.3060
5.	ഓക്ളിൽഫാം ഇൻഡ്യാ ലിമിറ്റഡ്	3645.6400
6.	കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ	8.580
7.	മെസ്സേഴ്സ് മലബാർ സിമന്റ്സ് ലിമിറ്റഡ് വാളയാർ	320.3400
8.	കെ.എസ്.ഐ.ഡി.സി. ലിമിറ്റഡ്	18.4981
9.	കെ.എസ്.ആർ.ടി.സി.	3.4390
10.	ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ	.0004
11.	ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ	.0040
12.	ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്	1.7500
13.	റോബസ്റ്റ റിസർച്ച് സ്റ്റേഷൻ	116.2400
	ആകെ	31186.2875
(ബോർഡ്)		
1.	കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	10422.5870
2.	കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ്	17.6400
3.	ട്രാവൻകൂർ ദേവസ്വം ബോർഡ്	28.3269
4.	കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ്	2.8640
5.	റബ്ബർ ബോർഡ്	258.3390
6.	സുഗന്ധഗിരി ഗാർഡൻ പ്രോജക്ട്	1550.7075
	ആകെ	12280.4644
	കോർപ്പറേഷൻ	31186.2875
	ബോർഡ്	12280.4644
	ആകെ	43466.7519

അനുബന്ധം V-2

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 112 (366) കാണുക]

പട്ടിക - 2

പാട്ടക്കുടിശ്ശിക അടയ്ക്കാനുള്ള സ്ഥാപനങ്ങളും തുകയും 31.3.99 വരെ

1.	പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള	28934071
2.	കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ	199932705
3.	സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള	15823426
4.	കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	146259271
	ആകെ	390949473

അനുബന്ധം VI

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 113 (367) കാണുക]

LIST OF CONSULTANCIES

Sl.No.	Subject	Name of Consultant
1.	Participatory Forest Management in Fringe Forest Areas	M/s. Mitraniketan, City Centre, West Fort, Tvpm.
2.	Consultancy on positive interaction of people in respect of PA Management	M/s. Landpeople, Plot No. 111, PTP Nagar, Tvpm.

LIBRARY ARCHIVES Kerala Legislative Assembly